## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന - സംസ്ഥാനസർക്കാർ വിഹിതം 2013-14 വർഷത്തേയ്ക്ക് 75,000/- രൂപയിൽ നിന്നും 50,000/- രൂപ ആയി കുറച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.257/13/തസ്വഭവ                    തിരുവനന്തപുരം, തീയതി, 19.07.2013

---

പരാമർശം:- 1. സ.ഉ.(കൈ)നം.2/12/തസ്വഭവ. തീയതി 02.01.2012.
2. സ.ഉ.(കൈ)നം.68/12/തസ്വഭവ. തീയതി 16.03.2012.
3. സ.ഉ.(സാ.)നം.2627/12/തസ്വഭവ. തീയതി 18.09.2012.
4. സ.ഉ.(കൈ)നം.193/13/തസ്വഭവ. തീയതി 24.05.2013.
5. കേന്ദ്രസർക്കാരിന്റെ 04.02.2013 ലെ എഫ്.നം.ജെ.11014/2/12 -ആർ.എച്ച്. നമ്പർ കത്ത്.

### <u>ഉത്തരവ്</u>

15.09.2011 മുതൽ ഐ.എ.വൈ. പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന്റെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി ഗുണഭോക്താക്കൾക്കും പൊതുവിഭാഗ ഗുണഭോക്താക്കൾക്കും 2 ലക്ഷം രൂപയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 2.50 ലക്ഷം രൂപയുമായി പരാമർശം 1, 2 മുഖേന വർദ്ധിപ്പിച്ചിരുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ച യൂണിറ്റ്കോസ്റ്റ് തുകയായ 48500 രൂപയ്ക്ക് പുറമെ തുക കണ്ടെത്തുന്നതിൽ ത്രിതല പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുള്ളതിനാൽ 2012-13 വർഷത്തിൽ ഒരു വീടിന് 75,000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ നൽകുന്നതിനും പരാമർശം 4 മുഖേന ഉത്തരവായി. 2011-12 ൽ ഒരു വീടിന് 75,000 രൂപ നിരക്കിൽ നൽകുന്നതിനു ബ്ലോക്ക് പഞ്ചായത്തുകൾ ത്രിതല സഹകരണ സംവിധാനം വഴി ലോൺ എടുക്കുന്നതിനും, ലോൺ തുക ബ്ലോക്ക് പഞ്ചായത്തുകൾ 10 വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനും ലോണിന്റെ 11.25% പലിശ സംസ്ഥാന സർക്കാർ വഹിക്കുന്നതിനും പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു.

2. ഇന്ദിര ആവാസ് യോജന മുഖേന നിർമ്മിക്കുന്ന വീടുകൾക്കുള്ള കേന്ദ്രസർക്കാർ വിഹിതമായ യൂണിറ്റ് കോസ്റ്റ് 48,500/- രൂപയിൽ നിന്നും 70,000/- രൂപയായി പരാമർശം (5) മുഖേന വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇപ്പോൾ അധിക

ധനസഹായമായി സംസ്ഥാനസർക്കാർ നൽകുന്ന 75,000/- രൂപയ്ക്ക് പകരം 2013-14 ൽ ഒരു വീടിന് 50,000/- രൂപ നിരക്കിൽ ബ്ലോക്കുപഞ്ചായത്തുകൾക്ക് നൽകുന്നതിനും ശേഷിയ്ക്കുന്ന തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന രീതിയിൽ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.പി.ചന്ദ്രപ്രകാശ്,

ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. തദ്ദേശ സ്വയംഭരണ(ഡി.ബി.) വകുപ്പ്
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
9. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ